**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1617 22.03.2013 - ൽ മറുപടിയ്ക്ക്

**സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ**

ചോദ്യം ഉത്തരം

ശ്രീ. എസ്. ശർമ്മ

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ഏതെല്ലാമെന്നു വിശദമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ക്യാൻസർ സുരക്ഷാ പദ്ധതി<br>2. താലോലം പദ്ധതി<br>3. ആശ്വാസ കിരണം പദ്ധതി<br>4. സ്നേഹസ്പർശം പദ്ധതി<br>5. സ്നേഹസാന്ത്വനം പദ്ധതി<br>6. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>7. വയോമിത്രം പദ്ധതി<br>8. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ അനുവദിയ്ക്കുന്ന പദ്ധതി<br>9. വിശപ്പു രഹിത നഗരം പദ്ധതി<br>10. ശ്രുതിതരംഗം പദ്ധതി<br>11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി<br>12. സ്നേഹപൂർവ്വം പദ്ധതി<br>13. ഒ.ആർ.സി. പദ്ധതി |
| (ബി) | ഈ പദ്ധതികളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | (ബി) | 1. <u>ക്യാൻസർ സുരക്ഷാ പദ്ധതി</u><br><br>18 വയസ്സിന് താഴെ പ്രായമുള്ള, സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ പദ്ധതിയിൽ നിന്നും ചികിത്സാ സഹായം നൽകുന്നത്. |

| | | | |
|---|---|---|---|
| | | | 2. <u>താലോലം പദ്ധതി</u><br>18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ വൃക്ക വൈകല്യങ്ങൾ, കാർഡിയോ വാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾ സെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും, സ്വന്തമായി ചികിത്സാ ചെലവ് വഹിക്കുവാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു.<br><br>3. <u>സ്നേഹസാന്ത്വനം പദ്ധതി</u><br>എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി ജില്ലാ കളക്ടർ അംഗീകരിക്കുന്നവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക<br><br>4. സ്നേഹസ്പർശം പദ്ധതി<br>65 വയസ്സിനു താഴെ പ്രായമുള്ള ചൂക്ഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർക്കുള്ള പദ്ധതി<br><br>5. ശ്രുതി തരംഗം പദ്ധതി<br>0 - 3 വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം. എന്നാൽ ഉയർന്ന വിജയസാദ്ധ്യതയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഇളവനുവദിക്കാനുള്ള പ്രത്യേക സാങ്കേതിക കാരണങ്ങളാലോ 5 വയസ്സുവരെയുള്ള കുട്ടികളെയും പരിഗണിക്കും. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപവരെയുള്ള കുടുംബങ്ങളിലെ കുട്ടികൾ ആയിരിക്കണം<br><br>6. ആശ്വാസകിരണം പദ്ധതി<br>ശയ്യാവലംബരായവർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, 100 % കാഴ്ച ശക്തിയില്ലാത്തവർ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ മാരകരോഗം കാരണവും പൂർണ്ണ സമയവും ദൈനംദിന കാര്യങ്ങൾക്കായി പരിചാരകന്റെ സഹായം ആവശ്യമുള്ളവരുടെ പരിചാരകരാണ് ഗുണഭോക്താക്കൾ. വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയിലും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയിലും കൂടരുത് |

| | | | |
|---|---|---|---|
| | | | 7. വിശപ്പു രഹിത നഗരം പദ്ധതി<br><br>പ്രധാന ആശുപത്രികളോടനുബന്ധിച്ചു നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം ഉച്ച ഭക്ഷണം ആവശ്യമുള്ളവർക്ക് പ്രത്യേക മാനദണ്ഡമില്ലാതെ ആനുകൂല്യം നൽകി വരുന്നു. പാവപ്പെട്ട രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഇതു പ്രയോജനപ്പെടുന്നു.<br><br>8. വയോമിത്രം പദ്ധതി<br><br>നഗര പ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു.<br><br>9. സ്നേഹപൂർവ്വം പദ്ധതി<br><br>മാതാപിതാക്കൾ മരിച്ച കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജിവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ട് മൂലം കുട്ടിയെ സ്വകുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ കുടുംബാംഗങ്ങൾ തന്നെ സ്വഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനാണ് പ്രതിമാസ ധനസഹായം നൽകുന്നത്. 5 വയസ്സുവരെയുള്ള കുട്ടികളും, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.<br><br>കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയും പരിധിയിൽ വാർഷിക വരുമാനമുള്ളവരായിരിക്കണം<br><br>10. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി<br>40% മോ അതിനുമുകളിലോ വൈകല്യം ഉള്ളവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഐഡന്റ്റി കാർഡും നൽകി വരുന്നു. |

(സി) ഓരോ പദ്ധതിക്കും നീക്കി വെച്ചിട്ടുള്ള തുക എത്രയെന്നും, നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്ത മാക്കുമോ?

(സി)

| സാമ്പത്തിക വർഷം | പദ്ധതിയുടെ പേര് | ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2012-13 (15.03. 2013 വരെ ) | 1. ക്യാൻസർ സുരക്ഷാ പദ്ധതി | 5 കോടി | 5,22,00,000/- |
| | 2. താലോലം പദ്ധതി | " | 4,50,00,000/- |
| | 3. ആശ്വാസ കിരണം പദ്ധതി | 15 കോടി | 23,55,76,525/- |
| | 4. സ്നേഹ സ്പർശം പദ്ധതി | 1 കോടി | 86,77,620/- |
| | 5.എൻഡോസൾഫാൻ പാക്കേജ് | 12.85 കോടി | |
| | (1). എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രതിമാസ ധനസഹായം | | 6,90,30,900/- |
| | (2). എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | | 66,86,450/- |
| | (3). എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ചികിത്സാ സഹായം | | 40,00,000/- |
| | 6. എൻഡോസൾഫാൻ മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായ പദ്ധതി | 17,87,50, 000 | 17,87,50,000/- |
| | 7. വയോമിത്രം പദ്ധതി | 4 കോടി | 3,36,98,625/- |
| | 8.വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പ് മുഖേനയുള്ള തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി | 1 കോടി | 44,22,298/- |
| | 9.ശ്രുതി തരംഗം പദ്ധതി | 6 കോടി | 6,66,59,024/- |
| | 10.വിശപ്പുരഹിത പദ്ധതി | 60 ലക്ഷം | 87,95,359/- |

R. Vijayan

സെക്ഷൻ ഓഫീസർ